2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പ്ലസ് ടു ബാച്ചുകൾ അനുവദിച്ചത് സംബന്ധിച്ച് ലോകായുക്തയുടെ ഉത്തരവ്

4 (*154) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എളമരം കരീം :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധിക പ്ലസ് ടു ബാച്ചുകൾ അനുവദിച്ചതിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് ലോകായുക്ത ഉത്തരവിട്ടിട്ടുണ്ടായിരുന്നുവോ ; എങ്കിൽ ആരുടെ നേതൃത്വത്തിൽ അന്വേഷണം നടത്തുവാനായിരുന്നു നിർദ്ദേശം ;

(ബി) ലോകായുക്തയുടെ ഉത്തരവിനെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ലോകായുക്തയുടെ നിർദ്ദേശം അട്ടിമറിക്കപ്പെട്ടതായുള്ള ആക്ഷേപം സംബന്ധിച്ച് അഭിപ്രായം വിശദമാക്കാമോ ;

(ഡി) ക്രമക്കേടുകൾക്ക് നേതൃത്വം നൽകിയവർക്കെതിരെ വിജിലൻസ് കേസെടുത്തിട്ടുണ്ടോ ;

(ഇ) 2014-15 വർഷത്തിൽ ക്രമവിരുദ്ധമായി പ്ലസ് ടു കോഴ്സും ബാച്ചും തരപ്പെടുത്തുകയും പിന്നീടത് റദ്ദാക്കപ്പെടുകയും ചെയ്യപ്പെട്ടിട്ടുള്ളതായി വിജിലൻസ് അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ ഇടപാടുകൾക്ക് പിന്നിൽ പ്രവർത്തിച്ചവർക്കും, ഗൂഢാലോചനയിൽ ഏർപ്പെട്ടതായി ആക്ഷേപിക്കപ്പെട്ടവർക്കുമെതിരെ വിജിലൻസ് വകുപ്പ് സ്വീകരിച്ച നടപടി എന്തായിരുന്നു എന്ന് വെളിപ്പെടുത്താമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഉത്തരവായിട്ടുണ്ട്. അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് ശ്രീ. ഋഷിരാജ് സിംഗ് ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ അന്വേഷണത്തിന് ലോകായുക്ത ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രീ. ഋഷിരാജ് സിംഗ് ഐ.പി.എസ്-ന്റെ ആവശ്യപ്രകാരം അന്വേഷണത്തിൽ സഹായിക്കുന്നതിനു വേണ്ടി 23-9-2014-ലെ റ്റി 8/101304/14 സംസ്ഥാന പോലീസ് മേധാവിയുടെ നടപടിക്രമം പ്രകാരം താഴെ പറയുന്ന ഉദ്യോഗസ്ഥരെ ചേർത്ത് ഒരു ടീം രൂപീകരിക്കുകയുണ്ടായി.

(1) ശ്രീ. പ്രകാശ്, ഐ.പി.എസ്.

(2) ശ്രീ. രാഗേഷ് കുമാർ, ഡിവൈ.എസ്.പി.

(3) ശ്രീ. എം. പി. വിനോദ്, ഡി.ഐ. കണ്ണൂർ

(4) ശ്രീ. കീർത്തി ബാബു, ഡി.ഐ. കോഴിക്കോട്.

കൂടാതെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിലെ അണ്ടർ സെക്രട്ടറിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണത്തിന്റെ ഭാഗമായി 14-11-2014-ന് അന്വേഷണ സംഘാംഗങ്ങളുടെ ഒരു യോഗം കൂടിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇതു സംബന്ധിച്ച് വിജിലൻസ് കേസുകളൊന്നും എടുത്തിട്ടില്ല.

(ഇ) പ്ലസ് ടു ബാച്ച് അനുവദിച്ചതിലെ അഴിമതി സംബന്ധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പക്കൽ നിന്നും സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ച പരാതി പോലീസ് ആസ്ഥാനത്തു നിന്നും വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയിലേക്ക് അയച്ചിരുന്നു. ടി വിഷയത്തിൽ ലോകായുക്ത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എ.ഡി.ജി.പി. റാങ്കിലുള്ള ഒരു സീനിയർ ഉദ്യോഗസ്ഥൻ ഒരു അന്വേഷണം നടത്തുന്നതിനാൽ പ്രസ്തുത പരാതിയിൽ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടർ പ്രത്യേക അന്വേഷണമൊന്നും നടത്തേണ്ടതില്ല എന്ന് പോലീസ് ഹെഡ്ക്വാർട്ടേഴ്സിലേക്ക് മറുപടി നൽകിയിട്ടുണ്ട്.

സർക്കാർ വകുപ്പുകളുടെ പ്രവർത്തന മികവിന് റാങ്കിംഗ്

5 (*155) ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. കെ. രാജു :

ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വകുപ്പുകളുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ റാങ്കിംഗ് നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതു വകുപ്പുകളെ റാങ്കിംഗിന് വിധേയമാക്കി എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly